# കേരളസംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർതോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നമ്പർ :7393/11/12/2023/TVM**

| | |
|---|---|
| പരാതികക്ഷി | ലില്ലിക്കുട്ടി എ<br>തേരിവിള, കലാഗ്രാമം 67<br>ടി.സി 37/2369 (1), കൊടുങ്ങാനൂർ പി.ഒ<br>വട്ടിയൂർക്കാവ്, കുലശേഖരം<br>തിരുവനന്തപുരം |
| എതിർകക്ഷി | |

**ഉത്തരവ് തീയതി 03.04..2025**

മഴയത്ത് പരാതിക്കാരിയുടെ വീടിന്റെ അടിസ്ഥാനം ഇടിഞ്ഞുപോയെന്നും തിരുവനന്തപുരം കോർപ്പറേഷനും വില്ലേജ് ഓഫീസർക്കും അപേക്ഷ കൊടുത്തിട്ടും നടപടിയെടുത്തില്ല എന്നുമാണ് പരാതി.

2. തിരുവനന്തപുരം നഗരസഭാ സെക്രട്ടറി 06.12.2023 ലെ റിപ്പോർട്ട് ഫയൽ ചെയ്തു. സ്ഥല പരിശോധന നടത്തിയതിൽ പരാതിക്കാരിയുടെ വീടിന് പിൻഭാഗത്ത്, ചുമരിൽ നിന്നും രണ്ട് അടി കഴിഞ്ഞിട്ടുള്ള ബാക്കി ഭാഗത്തെ മണ്ണിടിഞ്ഞ് വീണ നിലയിൽ കാണപ്പെട്ടെന്നും ഇതുകാരണം വീടിന്റെ ഭിത്തികളിൽ വിള്ളലുകൾ ഉണ്ടായിട്ടുണ്ടെന്നും ആയത് ദുരന്തനിവാരണ വകുപ്പിന്റെ ഉത്തരവ് പ്രകാരം കാറ്റഗറി 9 – ൽ ഉൾപ്പെടുത്തി 29 %ൽ അധികം നാശനഷ്ടം ഉള്ളതായി കണക്കാക്കി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നാണ് മേൽ റിപ്പോർട്ടിൽ പറയുന്നത്.

3. കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരാകാൻ ആവശ്യപ്പെട്ട് നോട്ടീസയച്ചെങ്കിലും ഹർജികക്ഷി ഹാജരായില്ല. ആക്ഷേപവും സമർപ്പിച്ചിട്ടില്ല.

4. പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിച്ചു. മണ്ണിടിഞ്ഞു വീണതിനാൽ ഹർജിക്കാരിയുടെ വീടിന്റെ ഭിത്തികളിൽ വിള്ളലുകൾ ഉണ്ടായതിന് നാശനഷ്ടം കണക്കാക്കി ദുരന്തനിവാരണ വകുപ്പിന് റിപ്പോർട്ട് നൽകിയതായി നഗരസഭ സെക്രട്ടറി കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ നാളിതുവരെ പ്രശ്നത്തിൽ പരിഹാരമായിട്ടില്ലെങ്കിൽ ജില്ലാ കളക്ടർ തിരുവനന്തപുരം, ഹർജിക്കാരിക്ക് മുൻകൂർ നോട്ടീസ് കൊടുത്ത് ജില്ലാ ദുരന്തനിവാരണ ഡെപ്യൂട്ടി കളക്ടർ മുഖേന അന്വേഷണം നടത്തി നിയമാനുസരണമുള്ള തീരുമാനമെടുത്ത് കാലതാമസം കൂടാതെ പരാതി പരിഹരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി കമ്മീഷൻ തീർപ്പാക്കുന്നു.

5. ഹർജിക്കാരിക്കും പരാതിയുടെയും നഗരസഭ സെക്രട്ടറിയുടെ 06.12.2023 ലെ റിപ്പോർട്ടിന്റെയും പകർപ്പുകൾ സഹിതം തിരുവനന്തപുരം ജില്ലാ കളക്ടർക്കും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർതോമസ്
**ചെയർപേഴ്സൺ**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ